വാളിയപ്പാടം വെട്ടിമൂട് റോഡ്

42 [75] ശ്രീ. ടി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഡിവിഷനിൽപ്പെട്ട വാളിയപ്പാടം–വെട്ടിമൂട് റോഡ് പൊതുമരാമത്തു വകുപ്പ് ഏറ്റെടുത്തിട്ട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം എന്ത്;

(ബി) എന്നത്തേക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) വാളിയപ്പാടം–വെട്ടിമൂട് റോഡിനുള്ള എസ്റ്റിമേറ്റിനു ഭരണാനുമതി നൽകുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ബാലുശ്ശേരി–കൂരാച്ചുണ്ട് റോഡ്

43 [76] ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി–കൂരാച്ചുണ്ട് റോഡിന് (കോഴിക്കോട് ജില്ല) ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകുന്നതിന് കാലതാമസമുണ്ടാകാൻ കാരണമെന്താണ്;

(ബി) പ്രസ്തുത റോഡിലുള്ള മഞ്ഞപ്പുഴ പാലത്തിന് ഭരണാനുമതി നൽകിയിട്ടും സാങ്കേതികാനുമതി നൽകാൻ കാലതാമസത്തിനു കാരണമെന്ത്;

(സി) ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതുൾപ്പെടെയുള്ള എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നു. ഇപ്പോൾ ഭരണാനുമതി നൽകുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

(ബി) സാങ്കേതികാനുമതി നൽകിക്കഴിഞ്ഞു.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നട്ടാശ്ശേരി തേക്കിൻതടിപ്പാലം

44 [77] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയത്ത് നട്ടാശ്ശേരി–തിരുവാറ്റാ റോഡിൽ റെയിൽവേ ക്രോസിനു സമീപമുള്ള തേക്കിൻതടിപ്പാലം അപകടത്തിലായിരിക്കുന്നതിനാൽ പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly